# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 640 28.02.2018-ൽ മറുപടിക്ക്

## ആദിവാസികളെ പോലീസ് എക്സൈസ് സേനകളിൽ നിയമിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വനാന്തരങ്ങളിലും വനാതിർത്തിയിലും കഴിയുന്ന കാട്ടുനായ്ക്കൻ, പണിയ, അടിയ വിഭാഗങ്ങളിലെ ആദിവാസികളെ പോലീസ് എക്സൈസ് സേനകളിൽ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | എ) | വയനാട് ജില്ല മുഴുവനായും മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനിയിൽ നിവസിക്കുന്ന പട്ടികവർഗ്ഗക്കാരിൽ നിന്നും സിവിൽ പോലീസ് ഓഫീസർ, വനിത സിവിൽ പോലീസ് ഓഫീസർ നിയമനത്തിന് കാറ്റഗറി നമ്പർ യഥാക്രമം 64/2017, 66/2017 പ്രകാരം പി.എസ്.സി അപേക്ഷ ക്ഷണിച്ച് നിയമന നടപടികൾ സ്വീകരിച്ച് വരുന്നു. പണിയ, അടിയ, കാട്ടുനായ്ക്കൻ എന്നീ വിഭാഗങ്ങൾക്ക് നിയമനത്തിൽ മുൻഗണന നൽകുന്നു.<br>കൂടാതെ വയനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന പണിയ, അടിയ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിൽ നിന്ന് സിവിൽ എക്സൈസ് ഓഫീസർ നിയമനത്തിനും വയനാട് ജില്ലയിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പണിയൻ, അടിയൻ, കാട്ടുനായ്ക്കൻ എന്നീ വിഭാഗങ്ങളിൽ നിന്ന് വനിത സിവിൽ എക്സൈസ് ഓഫീസർ നിയമനത്തിനും യഥാക്രമം കാറ്റഗറി നമ്പർ 65/2017, 67/2017 പ്രകാരം പി.എസ്.സി അപേക്ഷ ക്ഷണിച്ച് നിയമന നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ വനമേഖലയിൽ മാവോയിസ്റ്റുകളുടെ സാന്നിധ്യം കണ്ടറിയുന്നതിനും അവരെ നേരിടുന്നതിനും ഇവരുടെ സേവനം പ്രയോജനപ്പെടുമെന്ന് കരുതുന്നുണ്ടോ; | ബി) | വനമേഖലയിലെ ക്രമസമാധാന പാലനത്തിന് ഇവരുടെ സേവനം പ്രയോജനപ്പെടുന്നതാണ്. |
| സി) | ഇവരുടെ നിയമന നടപടി ലഘൂകരിക്കുന്നതിന് പി.എസ്.സി പ്രത്യേക വിജ്ഞാപനമിറക്കുകയുണ്ടായോ; | സി) & ഡി) | വനത്തിനകത്തും വനാതിർത്തിയിലും ഉള്ള ആദിവാസി യുവതീ യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന സിവിൽ പോലീസ് ഓഫീസർ/വനിതാ സിവിൽ പോലീസ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ/ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിലേക്കായി 2017 ഏപ്രിൽ 29-ലെ അസാധാരണ ഗസറ്റിൽ 64/2017 മുതൽ 67/2017 വരെ കാറ്റഗറി നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ച് തെരഞ്ഞെടുപ്പ് നടപടികൾ അതിവേഗത്തിൽ പൂർത്തിയായി വരുന്നു. |
| ഡി) | എങ്കിൽ പരിശീലനവും അനുബന്ധ നടപടിക്രമങ്ങളും പൂർത്തിയാക്കി എന്നത്തേക്ക് ഇവർക്ക് സർവ്വീസിൽ പ്രവേശിക്കാനാകും; വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**